മുദ്രകൾ



# പകൽകൊള്ളയുടെ ഉസ്താദുമാർ

ഒരു രാജ്യത്തെ ഉയർന്ന ശ്രേണിയിലുള്ള അമ്പതിനായിരം പ്രമുഖർ. അവരിൽ എല്ലാ രാഷ്ട്രീയ കക്ഷികളിലെയും നേതാക്കളുണ്ട്, പട്ടാള മേധാവികളുണ്ട്, അതിസമ്പന്നരായ വ്യവസായികളുണ്ട്. ഇവർ പലതരം സ്വാധീനമുപയോഗിച്ച് ആ രാജ്യത്തെ ബാങ്കുകളിൽനിന്ന് കോടിക്കണക്കിന് രൂപ ലോണായും അല്ലാതെയും കൈപറ്റുന്നു. എന്നിട്ട് ഇവരെല്ലാവരും ചേർന്ന് ഈ തുകയത്രയും എഴുതിത്തള്ളുന്നു. പിന്നെ ആ നാടിന്റെ സാമ്പത്തിക നില എന്തായിരിക്കും? ഇതിനേക്കാൾ ഭീകരമായ ഒരു പകൽകൊള്ള സങ്കൽപിക്കാനാവുമോ? സത്യമായും ഇതാണ് പാകിസ്താനിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

*ദ ന്യൂസ്* എന്ന പാകിസ്താനി പത്രമാണ് കാലങ്ങളായി തുടർന്നുകൊണ്ടിരിക്കുന്ന ഈ അഴിമതിക്കഥ പുറത്തുകൊണ്ടു വന്നത്. എഴുതിത്തള്ളുന്നത് രഹസ്യമായും എല്ലാ പ്രമുഖരുടെയും മൗനാനുവാദത്തോടെയും ആയതിനാൽ ഇതൊന്നും പൊതുജനം അറിയാറില്ല. 54 ബില്യൻ രൂപ (ഏകദേശം ഒരു ബില്യൻ ഡോളർ)യുടെ അഴിമതിയാണ് ഇപ്പോൾ പുറത്ത് വന്നിരിക്കുന്നത്. ഇതിന്റെയൊക്കെ മുഖ്യ കാർമികൻ പ്രസിഡന്റ് മുശർറഫ് തന്നെ. പ്രമുഖരെ തനിക്കനുകൂലമാക്കി നിർത്താൻ ജനറൽ സ്ഥിരം എടുത്ത് പെരുമാറുന്ന അടവാണത്രെ ഈ എഴുതിത്തള്ളൽ. വധിക്കപ്പെട്ട ബേനസീറിനെ അനുനയിപ്പിക്കാൻ അവർക്കും ഭർത്താവിനുമെതിരെയുള്ള മുഴുവൻ അഴിമതിക്കേസുകളും റദ്ദു ചെയ്യുകയായിരുന്നല്ലോ മുശർറഫ്. നവാസ് ശരീഫ് പ്രധാനമന്ത്രിയായിരുന്നപ്പോഴും എഴുതിത്തള്ളൽ നിർബാധം നടന്നിരുന്നു. സർക്കാർ ബാങ്കുകളിൽനിന്ന് കോടികൾ പറ്റി ഇങ്ങനെ രക്ഷപ്പെട്ടവരിൽ ചിലർ: മുൻ പ്രധാനമന്ത്രി ശൗകത്ത് അസീസ്, മുൻ ആഭ്യന്തരമന്ത്രിമാരായ മഖ്ദൂം ഫൈസൽ സ്വാലിഹ് ഹയാത്, അഫ്താബ് അഹ്മദ്, രാജ്യരക്ഷാ മന്ത്രി റാവു സിക്കന്ദർ, കശ്മീർ കാര്യമന്ത്രി ഫൈസൽ സ്വാലിഹ് ഹയാത്. മുഹാജിർ ഖൗമി മൂവ്മെന്റിന്റെ നേതാക്കൾ പാക് ബാങ്കുകളിൽ നിന്നെടുത്ത ഒരു ബില്യൻ ഡോളർ വരുന്ന സംഖ്യ എഴുതിത്തള്ളുമെന്ന വ്യവസ്ഥയിലാണത്രെ അവർ ഏറ്റവുമൊടുവിൽ മുശർറഫുമായി സഹകരിക്കാൻ തയാറായത്.

ഇപ്പോൾ പൂർവാധികം സൗകര്യമാണ്. മുശർറഫ്-നവാസ്-സർദാരി കൂട്ടുകെട്ടിന് എതിരാളികളേ ഇല്ല. ഈ മുട്ടൻ അഴിമതിക്കഥകളാണ് കുവൈത്തിൽ നിന്നിറങ്ങുന്ന *അൽമുജ്തമഇ*ന്റെ കവർ സ്റ്റോറി (2008 മെയ് 2). ■

# ഐ.ഡി.ബിയുടെ വിഷൻ 2020

**ദാരിദ്ര്യവും** നിരക്ഷരതയും ആഭ്യന്തര കലഹങ്ങളും കാരണം തകർന്നുപോയ ആഫ്രിക്കയിലെയും ഏഷ്യയിലെയും രാജ്യങ്ങളെ, പ്രത്യേകിച്ച് മുസ്‌ലിം രാജ്യങ്ങളെ സഹായിക്കുന്നതിനു വേണ്ടി 1995-ൽ രൂപം കൊണ്ടതാണ് ഇസ്‌ലാമിക് ഡെവലപ്മെന്റ് ബാങ്ക് (ഐ.ഡി.ബി). തുടങ്ങുമ്പോൾ 22 രാജ്യങ്ങൾ അംഗങ്ങളായിരുന്നു. ഇന്നത് 56 ആയി ഉയർന്നിരിക്കുന്നു. പരമ്പരാഗത പലിശാധിഷ്ഠിത സ്ഥാപനങ്ങൾ വൻ പ്രതിസന്ധി നേരിടുമ്പോൾ, ഇസ്‌ലാമിക് ഡെവലപ്മെന്റ് ബാങ്കും ശരീഅത്ത് അനുസരിച്ച് പ്രവർത്തിക്കുന്ന സമാന സംരംഭങ്ങളും അമ്പരപ്പിക്കുന്ന വളർച്ചാ നിരക്കാണ്

കാണിക്കുന്നതെന്ന് ഐ.ഡി.ബി അധ്യക്ഷൻ ഡോ. അഹ്മദ് മുഹമ്മദലി പറഞ്ഞു.

പതിനഞ്ച് ബില്യൻ ദീനാർ (ഒരു ദീനാർ ഒന്നര ഡോളർ) ആണ് ബാങ്കിന്റെ മൂലധനം. ഇത് 30 ബില്യൻ ദീനാർ ആക്കി ഉയർത്താനാണ് ശ്രമം. ബാങ്കിൽ അംഗങ്ങളായ ധനിക രാഷ്ട്രങ്ങൾ മൂലധനമുയർത്തുന്നതിന് സഹകരിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. 'മാറിയ സാമൂഹിക, സാമ്പത്തിക ചുറ്റുപാടിൽ ബാങ്കിന്റെ ഘടനയിലും പ്രവർത്തനത്തിലും സമൂലമായ അഴിച്ചുപണി ആവശ്യമാണ്. ഇസ്‌ലാമിക പണ്ഡിതന്മാരും ചിന്തകരും കൂടിയിരുന്ന് ബാങ്കിന് നൂതനവും വിപുലവുമായ ഒരു ചട്ടക്കൂട് ആവിഷ്കരിച്ചിട്ടുണ്ട്. 2020-ൽ അത് സാക്ഷാത്കരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ'- മുഹമ്മദലി പറഞ്ഞു. ■

# എ.കെ പാർട്ടി രണ്ടും കൽപിച്ച് അങ്കത്തിനൊരുങ്ങുന്നു


ഉർദുഗാൻ

**തുർക്കിയിലെ** ജസ്റ്റിസ് ആന്റ് ഡെവലപ്മെന്റ് (എ.കെ) പാർട്ടി യഥാർഥ അധികാരം കൈയടക്കി വെച്ച പട്ടാള മേധാവികൾക്കും ഭരണഘടനാ കോടതിക്കുമെതിരെ മറ്റൊരു അങ്കത്തിന് തയാറെടുക്കുന്നു. രാഷ്ട്രീയ പാർട്ടികളെ നിരോധിക്കാനുള്ള കോടതിയുടെ അധികാരത്തിന് കൂച്ചുവിലങ്ങിടുന്ന ഒരു നിയമം പാർലമെന്റിൽ പാസ്സാക്കിയെടുക്കാനാണ് പാർട്ടി ശ്രമിക്കുന്നത്. നിയമത്തിന്റെ കരട് തയാറായിക്കഴിഞ്ഞു. ഇതിന് എല്ലാ രാഷ്ട്രീയ കക്ഷികളുടെയും പിന്തുണ നേടിയെടുക്കാനുള്ള ശ്രമത്തിലാണ് എ.കെ പാർട്ടി നേതാവും പ്രധാനമന്ത്രിയുമായ റജബ് ത്വയ്യിബ് ഉർദുഗാൻ. നിയമം പ്രാബല്യത്തിൽ വന്നാൽ മതിയായ കാരണങ്ങളില്ലാതെ രാഷ്ട്രീയ പാർട്ടികളെ പിരിച്ചുവിടാനോ നേതാക്കൾക്ക് രാഷ്ട്രീയ പ്രവർത്തനം വിലക്കാനോ കോടതിക്ക് കഴിയില്ല. രാജ്യദ്രോഹ, ഭീകരവാദ പ്രവർത്തനങ്ങൾ നടത്തുന്ന കക്ഷികളെ മാത്രമേ കരട് നിയമപ്രകാരം പിരിച്ചുവിടാനാവൂ.

ഉർദുഗാന്റെ പാർട്ടി ഇപ്പോൾ പിരിച്ചുവിടൽ ഭീഷണിയിലാണ്. കലാലയങ്ങളിൽ പെൺകുട്ടികൾക്ക് ഹിജാബ് ധരിച്ചും പോകാം എന്നൊരു നിയമഭേദഗതി കൊണ്ടുവന്നതിന്, എ.കെ പാർട്ടി കമാലിസ്റ്റ് ആശയങ്ങളെ തകർക്കാൻ ശ്രമിക്കുന്നു എന്ന കുറ്റമാരോപിച്ച് ചീഫ് പ്രോസിക്യൂട്ടർ ഒരു മാസം മുമ്പാണ് ഭരണഘടനാ കോടതിക്ക് പരാതി നൽകിയത്. കോടതിയിലെ പതിനൊന്ന് ജഡ്ജിമാരും നടപടികളുമായി മുന്നോട്ടു പോകാൻ അനുവാദം നൽകി. എ.കെ പാർട്ടിയോട് വിശദീകരണം ചോദിച്ചിരിക്കുകയാണ്. ഇതിന് നൂറ് പേജ് വരുന്ന 'ചുട്ട' മറുപടി എ.കെ പാർട്ടി തയാറാക്കിയിട്ടുണ്ട്. ആരോപണങ്ങളത്രയും രാഷ്ട്രീയ പ്രേരിതമാണെന്ന് അതിൽ സമർഥിക്കുന്നു.

പ്രധാനമന്ത്രി ഉർദുഗാൻ, പ്രസിഡന്റ് അബ്ദുല്ലാ ഗുൽ ഉൾപ്പെടെ എ.കെ പാർട്ടിയുടെ സമുന്നതരായ 70 നേതാക്കളെ രാഷ്ട്രീയ പ്രവർത്തനത്തിൽ നിന്ന് വിലക്കാനും സെക്യുലരിസ്റ്റ് അധികാര കേന്ദ്രങ്ങൾക്ക് പദ്ധതിയുണ്ട്. എ.കെ പാർട്ടി പിരിച്ചുവിടാൻ തന്നെയാണ് പട്ടാളമേധാവികളുടെ തീരുമാനം എന്നറിയുന്നു. ജനരോഷം ഭയന്നാണ് നടപടി വൈകിക്കുന്നത്. പിരിച്ചുവിടുന്ന പക്ഷം പുതിയ പാർട്ടിയുണ്ടാക്കാനുള്ള ആലോചനകളും എ.കെ പാർട്ടി കേന്ദ്രത്തിൽ സജീവമാണ്. ■